**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഒറ്റപ്പാലം നഗരസഭ – 2010-15 കാലഘട്ടത്തിലെ വാർഡുസഭ ചെലവുകൾ 2016-17 വർഷത്തിലെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3364/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 23/10/2017

പരാമർശം:- 1. 19/06/2017 ലെ സ.ഉ.(സാധാ) നം.2038/2017/തസ്വഭവ.
2. ഒറ്റപ്പാലം നഗരസഭാ കൗൺസിലറുടെ 31/07/2017 ലെ കത്ത്.

**ഉത്തരവ്**

2010-15 കാലഘട്ടത്തിൽ ഒറ്റപ്പാലം നഗരസഭയിലെ കൗൺസിലറായിരുന്ന ശ്രീ. അബ്ദുൾ ജലീൽ 9-ാം വാർഡിൽ വാർഡുസഭ നടത്തിയ വകയിൽ ചെലവഴിച്ച 21,532/- (ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ട് രൂപ) 2016-17 സാമ്പത്തിക വർഷത്തെ അസാധാരണ ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന 2 ലക്ഷം രൂപയിൽ നിന്ന് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ പരാമർശിത ഉത്തരവ് നടപ്പാക്കാൻ സാധിക്കുന്നില്ല എന്നും ആയതിൻമേൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (2) പ്രകാരം ഒറ്റപ്പാലം നഗരസഭ സെക്രട്ടറി അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ മേൽ പരാമർശിത ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട്, വാർഡുസഭ നടത്തിയ വകയിൽ ചെലവഴിച്ച 21,532/- (ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ട് രൂപ) 2017-18 സാമ്പത്തിക വർഷത്തെ അസാധാരണ ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന 2 ലക്ഷം രൂപയിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*